**ഭരണഭാഷ മാതൃഭാഷ**

ഇ.മെയിൽ: 'dmekerala@gmail.com
ഫാക്സ്: 0471-2443080
ഗ്രാം: 'DIRMEDEN'

ഫോൺ: (ഓഫീസ്) : 2528575
2444270
ഡയറക്ടർ :2444011

**കേരള സർക്കാർ**
**മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം**

മെഡിക്കൽ കോളേജ് പി.ഒ,
തിരുവനന്തപുരം - 695 011

നം.ജെ2/28521/2016(2)/ഡി.എം.ഇ

തീയതി: 29/11/2018

അഡീഷണൽ ചീഫ് സെക്രട്ടറി
ആരോഗ്യ കുടുംബക്ഷേമ വകുപ്പ്,
ഗവൺമെന്റ് സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം.

സർ,

വിഷയം:- മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് - ജീവനകാര്യം - ഓങ്കോളജി നഴ്സിംഗ് സ്പെഷ്യാലിറ്റി കേഡർ രൂപീകരിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 14074/എസ്.ഐ.സി.ജി1/2016 നമ്പർ ഫയലിന്മേൽ 28/07/2018-ലെ ബഹു: വിവരാവകാശ കമ്മീഷൻ നടപടി ഉത്തരവ്.

************

സൂചനയിലെ ഉത്തരവു പ്രകാരം ഓങ്കോളജി സ്പെഷ്യാലിറ്റി നഴ്സിംഗ് പാസ്സായ ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതുമായി ബന്ധപ്പെട്ട് പ്രൊപ്പോസൽ തയ്യാറാക്കി സർക്കാരിന് സമർപ്പിക്കേണ്ടതാണെന്നും പ്രസ്തുത പ്രൊപ്പോസൽ പൊതുജന താൽപര്യാർത്ഥം ഡി.എം.ഇ.യുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണെന്നും ബഹു: വിവരാവകാശ കമ്മീഷൻ നിർദ്ദേശിച്ചിരുന്നു.

ആയതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന വിവരങ്ങൾ സർക്കാർ പരിഗണനയ്ക്കായി സമർപ്പിക്കുന്നു.

**സംസ്ഥാനത്ത് ഒരു വർഷം ദൈർഘ്യമുള്ള ഓങ്കോളജി നഴ്സിംഗ് സ്പെഷ്യാലിറ്റി കോഴ്സുകൾ നടത്തുന്ന സ്ഥാപനങ്ങളുടെ വിശദാംശം.**

| ക്രമ. നം | സ്ഥാപനം | സീറ്റുകളുടെ എണ്ണം | നാളിതുവരെ കോഴ്സ് പാസ്സായവരുടെ എണ്ണം |
|---|---|---|---|
| 1 | ഗവ. നഴ്സിംഗ് കോളേജ്, തിരുവനന്തപുരം | 10 | 31 |
| 2 | ഗവ. നഴ്സിംഗ് കോളേജ്, കോട്ടയം | 04 | 09 |
| 3 | ആർ.സി.സി, തിരുവനന്തപുരം | 20 | 89 |
| 4 | എം.സി.സി, കണ്ണൂർ | 20 | 05 |
| 5 | ഹോളി ക്രോസ്സ് കോളേജ് ഓഫ് നഴ്സിംഗ്, കൊല്ലം (പ്രൈവറ്റ്) | 05 | 03 |
| | ആകെ | 59 | 137 |

8019

GOVERNMENT OF KERALA 2017-18

തിരുവനന്തപുരം ആർ.സി.സി.യിൽ 2011 മുതലും കണ്ണൂർ എം.സി.സി.യിൽ 2016 മുതലും പോസ്റ്റ് ബേസിക് ഡിപ്ലോമ ഇൻ ഓങ്കോളജി നഴ്സിംഗ് കോഴ്സ് നടത്തിവരുന്നു. പ്രസ്തുത സ്ഥാപനങ്ങളിൽപ്പോലും ഓങ്കോളജി സ്പെഷ്യാലിറ്റി പഠിച്ച നഴ്സുമാർക്കു മാത്രമായി പ്രത്യേക കേഡർ രൂപീകരിച്ചിട്ടില്ല.

കാൻസർ ചികിത്സാ രംഗം അത്യാധുനിക സങ്കേതങ്ങളുടേയും കാൻസറിനെ പ്രതിരോധിക്കുന്നതിനായുള്ള പുതിയ പഠനങ്ങളുടേയും വെളിച്ചത്തിൽ മുന്നേറിക്കൊണ്ടിരിക്കുന്ന ഈകാലഘട്ടത്തിൽ, രാജ്യത്തുതന്നെ രോഗചികിത്സാ രംഗത്ത് എന്നും ഒന്നാം സ്ഥാനത്തു തുടർന്നുപോരുന്ന നമ്മുടെ സർക്കാർ മെഡിക്കൽ കോളേജുകളിലും ആശുപത്രികളിലും കാലികമായ മാറ്റങ്ങൾ നടപ്പിലാക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

ഓങ്കോളജി സ്പെഷ്യാലിറ്റി നഴ്സിംഗ് പഠിച്ച വിദഗ്ധരായ ഉദ്യോഗാർത്ഥികൾ സംസ്ഥാനത്ത് ലഭ്യമാണ് എന്നതുകൂടി മുൻനിർത്തി, സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിലും ആശുപത്രികളിലും ഓങ്കോളജി സ്പെഷ്യാലിറ്റി നഴ്സിംഗ് കേഡർ രൂപവത്കരിക്കേണ്ടതുണ്ട്.

മേൽ വിവരങ്ങളുടെ വെളിച്ചത്തിൽ സംസ്ഥാനത്തെ സർക്കാർ മേഖലയിൽ ഓങ്കോളജി സ്പെഷ്യാലിറ്റി നഴ്സിംഗ് കേഡർ രൂപീകരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണമെന്ന് സർക്കാരിനോടഭ്യാർത്ഥിക്കുന്നു. അധിക വിവരങ്ങൾ എന്തെങ്കിലുമാവശ്യമാണെങ്കിൽ സർക്കാരാവശ്യപ്പെടുന്നമുറയ്ക്ക് അവ ലഭ്യമാക്കുന്നതാണ്.

വിശ്വസ്തതയോടെ,

ഡോ.ലത.ആർ
ജോയിന്റ് ഡയറക്ടർ(നഴ്സിംഗ്)

പകർപ്പ്:-

(1) സെക്രട്ടറി, സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം (ആമുഖക്കത്തോടെ)
(2) website.www.dme.kerala.gov.in
(3) ഫയൽ/കരുതൽ ഫയൽ

RR/05.12.2018

3013

GOVERNMENT OF KERALA 2017-18